**കേരള സർക്കാർ**

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ് – കുടുംബശ്രീ – ഡാറ്റാ അനലിസ്റ്റ് തസ്തിക സൃഷ്ടിച്ചുകൊണ്ടും പ്രസ്തുത തസ്തികയിൽ കുമാരി. പ്രിയ. വി യെ നിയമിക്കാൻ അനുമതി നൽകിക്കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു .

---

തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്

സ.ഉ.(എം.എസ്)നം. 105/2014/തസ്വഭവ. തിരുവനന്തപുരം, തീയതി 09/06/2014.

---

പരാമർശം: (1) കുമാരി. പ്രിയ. വി യുടെ 7.8.2012 ലെ അപേക്ഷ.

(2) 17.10.2012 ലെ കുടുംബശ്രീ ഗവേണിംഗ് ബോഡി തീരുമാനം.

(3) കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 11.9.2013 ലെ കെ.എസ്.ഇ.264/2007 നമ്പർ കത്ത്.

## <u>ഉത്തരവ്</u>

കുടുംബശ്രീ സംസ്ഥാന മിഷനിൽ 1/11/2010 മുതൽ 5000/- രൂപ കൺസോളിഡേറ്റഡ് വേതനത്തിൽ ജോലി ചെയ്തു വരുന്ന കുമാരി പ്രിയ. വി യുടെ പ്രത്യേക ശാരീരികാവസ്ഥ പരിഗണിച്ച് ടിയാൾക്കുവേണ്ടി ഒരു ഡാറ്റാ അനലിസ്റ്റിന്റെ തസ്തിക കുടുംബശ്രീയിൽ സൃഷ്ടിക്കണമെന്നും പ്രസ്തുത തസ്തികയിൽ 1/11/2012 മുതൽ പ്രാബല്യം ലഭിക്കത്തവിധം 9 ാം ശമ്പള പരിഷ്കരണ ഉത്തരവിലെ ഏറ്റവും കുറഞ്ഞ 8500-13210/- രൂപ ശമ്പള സ്കെയിൽ അനുവദിക്കണമെന്നുമുള്ള കുടുംബശ്രീ ഗവേണിംഗ് ബോഡിയുടെ പരാമർശം രണ്ടിലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ, ആയത് അനുവദിച്ച് ഉത്തരവാകണമെന്ന് കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ പരാമർശം മൂന്നിലെ കത്തിലൂടെ സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ അഭ്യർത്ഥന കണക്കിലെടുത്തും കുമാരി പ്രിയ. വി യുടെ പ്രത്യേക ശാരീരികാവസ്ഥ പരിഗണിച്ചുകൊണ്ടും കുടുംബശ്രീയിൽ 8500-13210/- രൂപ ശമ്പള സ്കെയിലിൽ ഒരു ഡാറ്റാ അനലിസ്റ്റിന്റെ തസ്തിക സൃഷ്ടിക്കുവാനും ടി തസ്തികയിൽ കുമാരി പ്രിയ. വി യ്ക്ക് സ്ഥിരനിയമനം നല്കുവാൻ കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർക്ക് അനുമതി നൽകിയും ഉത്തരവാകുന്നു. ടിയാൾക്ക് 1/11/2012 മുതൽ മുൻകാല പ്രാബല്യം നൽകി 9 ാം ശമ്പള പരിഷ്കരണ ഉത്തരവിലെ ഏറ്റവും കുറഞ്ഞ സ്കെയിലിൽ ആനുകൂല്യങ്ങൾ നൽകേണ്ടതാണെന്നും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ജെയിംസ് വർഗ്ഗീസ്,
ഗവ. പ്രിൻസിപ്പൽ സെക്രട്ടറി.

കുമാരി പ്രിയ. വി, ഡാറ്റാ അനലിസ്റ്റ്, സ്റ്റേറ്റ് മിഷൻ ഓഫീസ്, കുടുംബശ്രീ
(എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ മുഖാന്തിരം)

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം.

ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം.

(മറുപുറം)

✓ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ/എൽ.ബി.എ), കേരളം, തിരുവനന്തപുരം
ധനകാര്യ വകുപ്പ് (25.11.13 ലെ നമ്പർ 92149/ഡെവ.1/13/ഫിൻ)
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Joseph

സെക്ഷൻ ഓഫീസർ